ഹോട്ടൽ റെസ്റ്റോറന്റ്, ടീ ഷോപ്പ്, കൃാന്റീൻ മറ്റ് ഭോജനശാലകൾ എന്നിവയുടെ ശുചിത്വ നിലവാരം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുകയെന്നത്. കോർപ്പറേഷനുകളിലേയും, മുനിസിപ്പാലിറ്റികളിലേയും, ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോസ്ഥൻ പരിശോധിച്ച് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകാൻ സർക്കാർ 5-4-2008-ലെ 23803/ഡിസി2/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുകളിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഹെൽത്ത് സ്കാഡ് ഇത്തരം സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. ഇരുപതിൽ കൂടുതൽ ഇരിപ്പിടങ്ങളുള്ള ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് പരിശോധിക്കേണ്ടത്. സൗകര്യങ്ങൾ കുറവുള്ളപക്ഷവും, വൃത്തിയായി സൂക്ഷിക്കാത്ത പക്ഷവും അവ ക്രമീകരിച്ച് വൃത്തിയായി സൂക്ഷിക്കാതിരുന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 324 പ്രകാരം നടപടി സ്വീകരിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഓഫീസർമാരേയും, ടൗൺ പ്ലാനിംഗ് ഓഫീസർമാരേയും സെക്രട്ടറിമാർ ചുമതലപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഓരോ മാസവും പരിശോധനനടത്തി ടോയ്ലെറ്റ് സൗകര്യം പരിശോധിച്ച് വിലയിരുത്തുവാനും 5-4-2008-ലെ 23803/ഡിസി2/2008/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഹോട്ടൽ തുടങ്ങുന്നതിന് ലൈസൻസ് നൽകിയശേഷം ടോയ്ലെറ്റ് സംവിധാനം ഇല്ലാതായാൽ ആയത് പുനഃസ്ഥാപിക്കാതിരുന്നാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടോയ്ലെറ്റ് സൗകര്യം ഇല്ലാതായാൽ പ്രസ്തുത കെട്ടിടങ്ങൾ അനധികൃതമായി കണക്കാക്കി അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ 5-4-2008-ലെ 23803/ഡിസി2/2008/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ള കേസ്സുകളൊന്നും നഗരസഭകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

മാലിന്യ സംസ്ക്കരണ സംവിധാനമില്ലാത്ത നഗരസഭകൾ

132 (1602) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണ പ്രവർത്തനത്തിന് സംവിധാനമേർപ്പെടുത്താത്ത നഗരസഭകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിൽ ഈ നഗരസഭകളിൽ മാലിന്യശേഖരണ സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരസഭാ പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിലും റോഡ് വക്കിലും മാലിന്യങ്ങൾ കുന്നുകൂട്ടി ഇടുന്നതുമൂലം പരിസര മലിനീകരണവും ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം നഗരസഭകളിൽ മാലിന്യ സംസ്കരണ സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ലയുടെ പേര്	നഗരസഭയുടെ പേര്
തിരുവനന്തപുരം	നെയ്യാറ്റിൻകര, നെടുമങ്ങാട്
കൊല്ലം	പുനലൂർ, പരവൂർ സൗത്ത്
പത്തനംതിട്ട	പത്തനംതിട്ട
ആലപ്പുഴ	ചെങ്ങന്നൂർ, മാവേലിക്കര, ചേർത്തല
കോട്ടയം	തിരുവല്ല
എറണാകുളം	ആലുവ, തൃപ്പൂണ്ണിത്തുറ, പെരുമ്പാവൂർ, കളമശ്ശേരി, അങ്കമാലി
തൃശ്ശൂർ	ഇരിങ്ങാലക്കുട, കുന്നംകുളം, ഗുരുവായൂർ, ഷൊർണ്ണൂർ
ഇടുക്കി	തൊടുപുഴ, കോതമംഗലം
മലപ്പുറം	മലപ്പുറം
പാലക്കാട്	ചിറ്റൂർ-തത്തമംഗലം
കോഴിക്കോട്	വടകര
കണ്ണൂർ	തലശ്ശേരി, കണ്ണൂർ
കാസർകോട്	കാസർകോട്

മേൽ സൂചിപ്പിച്ചിട്ടുള്ള നഗരസഭകളിൽ പുനലൂർ, ഇരിഞ്ഞാലക്കുട, കുന്നംകുളം പരവൂർ സൗത്ത്, തലശ്ശേരി, ചെങ്ങന്നൂർ, ഗുരുവായൂർ, ആലുവ, പൊന്നാനി, വടകര, മാവേലിക്കര, തൊടുപുഴ, പത്തനംതിട്ട, കോതമംഗലം, തിരുവല്ല എന്നീ നഗരസഭകളിൽ സംസ്കരണ സംവിധാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്കരണസംവിധാനം ഏർപ്പെടുത്താത്ത നഗരസഭകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് നിക്ഷേപിച്ചുവരുന്നുണ്ട്. ചില നഗരസഭകളിൽ ഇപ്രകാരം നിക്ഷേപിച്ചതിനു ശേഷം മാലിന്യങ്ങൾ മണ്ണിട്ടുമൂടുന്ന രീതിയുമുണ്ട്. ടി പ്രക്രിയവഴി മാലിന്യങ്ങൾക്ക് സ്വാഭാവിക വിഘടനം സംഭവിച്ച് സംസ്കരിക്കപ്പെടുന്നു.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കും. നിലവിലുണ്ടായിരുന്ന 53 നഗരസഭകളെക്കൊണ്ടും ഖരമാലിന്യ പരിപാലനത്തിനായി സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതികൾക്ക് ശുചിത്വമിഷനും സർക്കാരും അനുമതി നൽകുകയും, പദ്ധതി നടപ്പിലാക്കുന്നതിനായി ഭാഗിക സാമ്പത്തിക സഹായം നൽകിയിട്ടുമുണ്ട്. എല്ലാ നഗരസഭകളിലും സമഗ്ര ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താനാണ് നടപടികൾ എടുത്തിട്ടുള്ളത്.

മാംസാവശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയാൻ നടപടി

133 (1603) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടാനപ്പിള്ളി-തൃശ്ശൂർ റോഡിൽ പെരുമ്പുഴ, ചേറ്റുപുഴ പ്രദേശങ്ങളിൽ മാംസാവിശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞവർഷം ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ഡി) റോഡും ജലാശയവും മാലിന്യവിമുക്തമാക്കി നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് രാത്രികാലങ്ങളിൽ ആയത് കൊണ്ട് ഇത്തരം പ്രവൃത്തി ചെയ്യുന്നവർക്കെതിരെ പിഴ ഈടാക്കുന്നതിനോ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനോ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതുസംബന്ധിച്ച് അരിമ്പൂർ ഗ്രാമപഞ്ചായത്ത് പോലീസിന്റെ സഹായം തേടിയിരുന്നു. പെരുമ്പുഴ, ചേറ്റുപ്പുഴ എന്നീ പ്രദേശങ്ങളിൽ കൂട്ടിയിട്ടിരുന്ന മാംസാവശിഷ്ടങ്ങളും മാലിന്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 2011 ജനുവരി അവസാനവാരം നീക്കംചെയ്യുകയും വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റോഡരികിലും ജലാശയങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങളിലല്ലാതെ വഴിയോരങ്ങളിലും ജലാശയങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly